LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൻകിട ഇടത്തരം ജലസേചന പദ്ധതികൾ ഒന്നുംതന്നെ ഇല്ല. നബാർഡിന്റെ സഹായത്തോടുകൂടി രണ്ട് ചെറുകിട ജലസേചന പദ്ധതികൾ നടന്നുവരുന്നുണ്ട്.

1. നബാർഡ് ആർ.ഐ.ഡി.എഫ്. VIII ഇരിങ്ങല്ലിയം പഞ്ചായത്തിലെ വലിയ തോടിനു കുറുകെ കക്കാട്ടിൽപടിയിൽ ഒരു വി.സി.ബി.-യുടെ നിർമ്മാണം.

2. നബാർഡ് ആർ.ഐ.ഡി.എഫ്. VIII ഇരിങ്ങല്ലിയം പഞ്ചായത്തിലെ നെടിയകുളം വി.സി.ബി. നിർമ്മാണം.

(ബി) മേൽപ്പറഞ്ഞ പദ്ധതികളുടെ എസ്റ്റിമേറ്റ് തുക യഥാക്രമം 9,70,000 രൂപയും 5,75,000 രൂപയും ആണ്. രണ്ടു പ്രവൃത്തികളും പുരോഗതിയിലാണ്.

(സി) പ്രസ്തുത രണ്ട് പ്രവൃത്തികളും മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുവാൻ കഴിയും. മേൽ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് 56.16 ഹെക്ടർ പ്രദേശത്ത് (കക്കാട്ടിൽപടി വി.സി.ബി. 27.79 ഹെക്ടർ പ്രദേശവും നെടിയംകുളം വി.സി.ബി. 28.37 ഹെക്ടർ പ്രദേശവും) ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിയും.

(ഡി) നബാർഡ് ആർ.ഐ.ഡി.എഫ്. VIII മങ്കട പഞ്ചായത്തിലെ പുത്തൻവീട് എന്ന സ്ഥലത്ത് മങ്കട തോടിന് കുറുകെ വി.സി.ബി.-യുടെ നിർമ്മാണം. ഇതിന്റെ എസ്റ്റിമേറ്റ് തുക 6.50 ലക്ഷം രൂപയാണ്.

(ഇ) മേൽപ്പറഞ്ഞ വി.സി.ബി.-യുടെ പ്രവൃത്തി 3-7-2003-ന് ടെണ്ടർ ചെയ്തു. പ്രസ്തുത വർക്കിന്റെ ടെണ്ടർ നിബന്ധനകളനുസരിച്ച് തീർപ്പുകൽപ്പിക്കുന്ന ജോലികൾ നടന്നുവരുന്നു.

(എഫ്) അടുത്ത സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ജലസേചന പദ്ധതി

39 [1725] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ജലസേചന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരുന്നത് എപ്പോഴാണെന്നും പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയും എന്നും വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവർത്തനം വൈകുന്നതുകാരണം സർക്കാരിന് ഉണ്ടാകാവുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) പെരളശ്ശേരി എന്നപേരിൽ ഒരു ജലസേചന പദ്ധതി ഇല്ല. ഇതിനടുത്ത് അഞ്ചരക്കണ്ടി റഗുലേറ്റർ കം ബ്രിഡ്ജിന്റെ സ്പെഷ്യൽ റിപ്പയറിനുവേണ്ടി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. റഗുലേറ്റർ പ്രവർത്തനക്ഷമമാകുമ്പോൾ അതിന്റെ പ്രയോജനം പെരളശ്ശേരിക്കും ലഭിക്കാനുള്ള സാധ്യത പ്രതീക്ഷിക്കുന്നുണ്ട്.

തിരുമല-പി.ടി.പി. സോൺ ആഗ്മെന്റേഷൻ പദ്ധതി

40 [1726] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുമല പി.ടി.പി. സോൺ ആഗ്മെന്റേഷൻ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നാരംഭിച്ചു എന്നും ഇത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(സി) ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പുതിയ ഓഗ്മെന്റേഷൻ പദ്ധതി പൂർത്തീകരിക്കുമ്പോൾ അധികമായി 16 എം.എൽ.ഡി. ശുദ്ധജലം വിതരണത്തിന് ലഭ്യമാകും. കൂടാതെ ഒബ്സർവേറ്ററിയിൽ അധിക ജലം സംഭരിക്കാനും ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിച്ച് വിതരണം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly